(ഡി) എങ്കിൽ എത്ര ;

(ഇ) ഈ ഫണ്ട് ഉപയോഗിക്കാതിരിക്കാൻ ഉണ്ടായ കാരണം എന്ത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതിയിൻ കീഴിൽ കേന്ദ്ര സർക്കാരിൽ നിന്നും 12,76,800 രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്.

(ബി) ഈ തുക മുഴുവനും തെരഞ്ഞെടുക്കപ്പെട്ട 42 മദ്രസകൾക്ക് വിതരണം ചെയ്യുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി&ഇ) ഉദിക്കുന്നില്ല.

കാസർഗോഡ് താലൂക്കിലെ ചില ഭാഗങ്ങൾ കർണ്ണാടകത്തിന് വിട്ടുകൊടുക്കണമെന്ന പ്രശ്നം

56 (57) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് താലൂക്കിലെ കന്നട സംസാരിക്കുന്ന ജനങ്ങൾ നിവസിക്കുന്ന ഭാഗങ്ങൾ കർണ്ണാടകത്തിനു വിട്ടുകൊടുക്കണമെന്ന പ്രശ്നം സമീപകാലത്ത് ആരെങ്കിലും ഉന്നയിച്ചിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് കേരളത്തിലെ ഏതെങ്കിലും രാഷ്ട്രീയ പ്രവർത്തകൻ കർണ്ണാടക മുഖ്യമന്ത്രിക്ക് നിവേദനം കൊടുത്തതായി ഗവൺമെന്റിന് അറിവുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇപ്രകാരം നിവേദനം നൽകിയത് ആരാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉന്നയിച്ചതായി ഔദ്യോഗികമായി അറിവില്ല.

(ബി) നിവേദനം നൽകിയതായി അറിവില്ല.

(സി) ബി. പിരിവിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

കാർഗിൽ ജവാൻമാർക്കുള്ള സഹായം

57 (58) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഗിൽ യുദ്ധത്തെ തുടർന്ന് കാർഗിൽ ജവാൻമാരെ സഹായിക്കുന്നതിനായി മുഖ്യമന്ത്രിയുടെ നിധിയിലേക്ക് എന്തു തുക പിരിഞ്ഞു കിട്ടി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിൽ എത്ര തുക ഈ ആവശ്യത്തിനായി കേന്ദ്രത്തിനു കൈമാറി ;

(സി) ബാക്കി തുക എന്തു ചെയ്തുവെന്ന് അറിയിക്കുമോ ;

(ഡി) ഈ ഇനത്തിൽ കിട്ടിയതുകയും ചെലവായ തുകയും എത്രയെന്ന് ആഡിറ്റ് നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് പറയുമോ ;

(ഇ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലെ കൊടുക്കൽ വാങ്ങൽ സംബന്ധിച്ച കണക്ക് എ.ജി.യെ കൊണ്ടു ആഡിറ്റ് ചെയ്യിക്കുമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിലേക്ക് നാളിതുവരെ 13,03,20,585 രൂപ (പതിമൂന്നു കോടി മൂന്നു ലക്ഷത്തി ഇരുപതിനായിരത്തി അഞ്ഞൂറ്റി എൺപത്തി അഞ്ച് രൂപ മാത്രം) പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റിന് തുകയൊന്നും കൈമാറിയിട്ടില്ല.

(സി) മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ നിന്നും അർഹരായ സൈനികരുടെ ആശ്രിതർക്കും പരിക്കേറ്റ് അംഗവൈകല്യം സംഭവിച്ച സൈനികർക്കും സഹായം നൽകുവാൻ ഈ തുക ഉപയോഗിച്ചു വരുന്നു. ഇതു വരെയായി 1.88 കോടി രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്.

(ഡി&ഇ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധികളിലെ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പരിശോധിക്കുന്നുണ്ട്.

വിമുക്തഭടൻമാർക്കുള്ള കോർപ്പറേഷൻ

58 (59) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാസ്റ്റേറ്റ് എക്സ് സർവീസസ് ലീഗ് അവരുടെ വിവിധ ആവശ്യങ്ങൾ അനുവദിച്ചു കിട്ടുന്നത് സംബന്ധിച്ച് സർക്കാരിന് നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) കേരള സംസ്ഥാന വിമുക്തഭട കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്ന് രൂപീകരിക്കും ; ഈ കോർപ്പറേഷനിൽ എത്ര വിമുക്തഭട പ്രതിനിധികളെ ഉൾക്കൊള്ളിച്ചിട്ടുണ്ട് ;

(ഡി) വിമുക്തഭടന്മാർക്ക് മിലിട്ടറി ക്യാന്റീൻ വഴി നൽകുന്ന സാധനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വർദ്ധിച്ച നികുതി കുറയ്ക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly